ചെമ്പിൽ സ്വർണ്ണം പൊതിഞ്ഞ ആഭരണങ്ങൾ പണയം വച്ച് ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക്, കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന്റെ പുത്തൻകുരിശ് ബ്രാഞ്ച് എന്നിവിടങ്ങളിൽ നിന്ന് ലക്ഷങ്ങൾ തട്ടിയ കേസിൽ നാല് പേർ അറസ്റ്റിൽ. നേര്യമംഗലം പിറക്കുന്നംകര തലക്കോട് എരങ്ങോത്ത് വീട്ടിൽ എൽദോസ് (57), പുത്തൻപുരയിൽ വീട്ടിൽ അയ്യപ്പൻ (58), തേലയ്ക്കാക്കുടി വീട്ടിൽ അനൂപ് (40), പള്ളിപ്പറമ്പിൽ പൗലോസ് (58) എന്നിവരെയാണ് ഊന്നുകൽ പോലീസ് അറസ്റ്റ് ചെയ്തത്.